LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ

271 (2100) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ തലങ്ങളിലും അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) അഴിമതി നിർമ്മാർജ്ജനത്തിനും അഴിമതിക്കാർക്കെതിരെയും മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അഴിമതി ആരോപണങ്ങൾ ശരിവെയ്ക്കുന്ന നിലയിലുള്ള തെളിവുകൾ വിജിലൻസ് അവഗണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള സംവിധാനം അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാർകോഴക്കേസിൽ ഹൈക്കോടതി പരാമർശം

272 (2101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ ഹൈക്കോടതി സർക്കാരിനെതിരെ നടത്തിയ പരാമർശങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നത് ;

(ബി) ഹൈക്കോടതിയുടെ വിവിധ ബഞ്ചുകൾ തുടർച്ചയായി സർക്കാർ വീഴ്ചകൾ ചൂണ്ടിക്കാട്ടിയിട്ടും എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(സി) വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്ന് രാജിവച്ച വിൻസന്റ് എം. പോളിന് പുതിയ പദവികൾ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ബാർകോഴക്കേസുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ സർക്കാരിനെതിരെ പരാമർശങ്ങൾ നടത്തിയിട്ടില്ല.

(സി) രാജി വച്ചിട്ടില്ല. അവധിയിലായിരുന്നു. പുതിയ നിയമനം നൽകിയിട്ടില്ല.

ബാർ കോഴ ആരോപണങ്ങൾ

273 (2102) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ത്വരിതാന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ത്വരിതാന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണെന്നും അന്വേഷണ സംഘത്തിൽ ആരെല്ലാമുണ്ടെന്നും അന്വേഷണം ആരംഭിച്ചത് എന്ന് മുതലാണെന്നും വെളിപ്പെടുത്താമോ ;

(സി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി ; എന്തെല്ലാം രേഖകൾ കസ്റ്റഡിയിൽ എടുത്തു ; ആരെയെല്ലാം അറസ്റ്റു ചെയ്യുകയുണ്ടായി ; കൈക്കൂലി വാങ്ങിയതായി ആരോപിക്കപ്പെട്ട മന്ത്രിയുടെ ആഫീസ് നിലകൊള്ളുന്ന സ്ഥലത്തെ ഓഫീസിലെ ക്യാമറ ദൃശ്യങ്ങൾ ശേഖരിക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ;

(ഡി) കൈക്കൂലി നൽകാൻ ഒരുമിച്ച് പോയതായി മൊഴി നൽകിയവരുടെ മൊബൈൽ ഫോണുകളുടെ അന്നത്തെ ലൊക്കേഷൻ പരിശോധിക്കുകയുണ്ടായോ ; ശ്രീ. ബിജുരമേശും ബാർഹോട്ടൽ അസോസിയേഷൻ ഭാരവാഹികളും ഹാജരാക്കിയ ശബ്ദരേഖകൾ പരിശോധിക്കുകയുണ്ടായോ ; ബാറുടമകളുടെ അസോസിയേഷന്റെ രഹസ്യ കണക്കുബുക്കുകൾ കണ്ടെത്തി പരിശോധിക്കുയുണ്ടായോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) (എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly